"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കരിമഠം ഭവന പദ്ധതി സമുച്ചയങ്ങളുടെ ഭവന നിർമാണ പ്രവൃത്തികൾക്കു സാങ്കേതിക അനുമതി നൽകുന്നതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1062/2025/LSGD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:-

1. സ.ഉ.(പി) നം.67/2021/ധന തീയതി 28.04.2021
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.03.2025 ലെ LSGD/PD/34114/2024-DB1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ കരിമഠം ഭവന പദ്ധതി സമുച്ചയങ്ങളുടെ ഭവന നിർമാണ പ്രവൃത്തി Cost Effective Method ഉപയോഗിച്ച് നടത്താനാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യിരിക്കുന്നത്. Cost Effective Method ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്കായി ക്ലയന്റ് ഡിപ്പാർട്ട്മെന്റ് തലവൻ ചെയർമാനായുള്ള, എക്സിക്യൂട്ടിവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത, സേവനമനുഷ്ഠിക്കുന്നതോ, വിരമിച്ചതോ ആയ രണ്ട് എഞ്ചിനീയർമാർ, അംഗീകൃത ഏജൻസിയുടെ യോഗ്യതയുള്ള അധികാരി എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയാണ് സാങ്കേതിക അനുമതി നൽകേണ്ടത് എന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 9.5 ൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ, കരിമഠം ഭവന പദ്ധതി സമുച്ചയങ്ങളുടെ ഭവന നിർമാണ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി, തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ സൂപ്രണ്ടിങ് എഞ്ചിനീയർ, കോസ്റ്റ്ഫോർഡിലെ എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകണമെന്നു തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Cost Effective Method ഉപയോഗിച്ച് നടത്തപ്പെടുന്ന കരിമഠം ഭവന പദ്ധതി സമുച്ചയങ്ങളുടെ ഭവന നിർമാണ പ്രവൃത്തികൾക്കു സാങ്കേതിക അനുമതി നൽകുന്നതിനായി താഴെ പറയും പ്രകാരം ടെക്നിക്കൽ കമ്മിറ്റി

രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് | ചെയർമാൻ |
| ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് | അംഗം |
| സൂപ്രണ്ടിങ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ | അംഗം |
| എഞ്ചിനീയർ, കോസ്റ്റ് ഫോർഡ് | അംഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന )

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 26-04-2025 16:24:42

സെക്ഷൻ ഓഫീസർ